VI. In Rule 78G proposed to be newly inserted by sub-rule (27) of Rule 2, for the figure "40%", the figure "10%" shall be substituted.

പുതുതായി ചേർക്കുന്ന റൂൾ 3(സി) പ്രകാരം സർക്കാരിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകാൻ സാധിക്കും. 1994-ലെ കേരള മുനിസിപ്പൽ നിയമത്തിലെ ഈ ഉദ്ദേശ്യത്തോടുകൂടി ഉണ്ടായിരുന്ന 410-ാം വകുപ്പ് 24-3-1999-ൽ എൽ.ഡി.എഫ്. ഭരണകാലത്ത് റദ്ദാക്കിയിട്ടുള്ളതാണ്. ആ റദ്ദാക്കിയ വകുപ്പാണ് വീണ്ടും ഇവിടെ ഉൾപ്പെടുത്താൻ ശ്രമിക്കുന്നത്. അതിനാൽ ഈ ഭേദഗതി നിയമവിരുദ്ധമാണ്. അതുകൊണ്ടാണ് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, റോഡിനോ മറ്റ് ആവശ്യങ്ങൾക്കോ സൗജന്യമായി സ്ഥലം നൽകുന്നവർക്ക് പണത്തിന് പകരം ചട്ടങ്ങളിൽ തത്തുല്യമായ സൗജന്യങ്ങൾ അനുവദിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ഭേദഗതി. ചെറിയ പ്ലോട്ടുകളിൽ സ്ഥലം റോഡിന് നൽകിയതിനുശേഷം ബാക്കിവരുന്ന സ്ഥലത്ത് ചട്ടങ്ങളെല്ലാം അനുസരിച്ച് കെട്ടിടനിർമ്മാണം പലപ്പോഴും സാധ്യമല്ല. ഇങ്ങനെ വരുമ്പോൾ ജീവിതമാർഗ്ഗം അടയുന്ന ആളുകൾ പദ്ധതിതന്നെ തടസ്സപ്പെടുത്താനോ ഇല്ലാതാക്കാനോ ശ്രമിക്കാറുണ്ട്. പലപ്പോഴും ഇത് വിജയിക്കാറുമുണ്ട്. ഇത്തരം പ്രതിഷേധങ്ങൾ ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കാൻ ഈ ഭേദഗതിമൂലം സാധിക്കും. കൂടാതെ വർദ്ധിച്ച ഭൂമിവിലയുള്ള സ്ഥലങ്ങളിൽ സർക്കാരിനുണ്ടാകുന്ന വൻസാമ്പത്തിക ബാധ്യത ഒഴിവാക്കാനും സാധിക്കും. ബഹുമാനപ്പെട്ട മുനീർ സാഹിബിന്റെ മണ്ഡലത്തിൽ ഈയടുത്ത ദിവസം ഒരു കിലോമീറ്ററോളം റോഡിനുവേണ്ടിയുള്ള സ്ഥലം ഞങ്ങൾ അക്വയർ ചെയ്തു. ഫ്രീയായിട്ട് തരാൻ താൽപ്പര്യമെടുത്തു. അപ്പോൾ ബാക്കിവരുന്ന സ്ഥലത്ത് കെ.എം.ബി.ആർ.-ൽ ചില ഇളവുകൾ കൊടുക്കേണ്ടതായിവരും. അതുകൊണ്ട് അതുമാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളത്. അല്ലാതെ വേറെ ഒരു എക്സംപ്ഷനും സർക്കാർ കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് ഈ ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. വിജയദാസ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## VIII 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച അനുമതിക്കുവേണ്ടിയുള്ള പ്രമേയം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ പിൻവലിക്കുന്നതിനുള്ള അനുമതിക്കുവേണ്ടിയുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 (എ) പ്രകാരം 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ (ബിൽ നം. 208) പിൻവലിക്കുന്നതിന് അനുമതിക്കായുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പിൻവലിച്ചിരിക്കുന്നു.

# IX ധനകാര്യം

## വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2014-15 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാലുമാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 158,50,80,000 ക.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീമതി കെ. കെ. ലതിക : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 73,26,52,000 ക.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly